LIBRARY ARCHIVES Kerala Legislative Assembly

കുളത്തൂപ്പുഴയിൽ നിന്നും ഗുരുവായൂരിലേയ്ക്ക് ബസ് സർവ്വീസ്

164 (5384) ശ്രീ. കെ. രാജു : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിലെ പ്രധാന തീർത്ഥാടന കേന്ദ്രമായ ഗുരുവായൂരിലേക്ക് മറ്റൊരു തീർത്ഥാടന കേന്ദ്രമായ കുളത്തൂപ്പുഴയിൽ നിന്നും കെ.എസ്.ആർ.ടി.സി. ഫാസ്റ്റ് പാസഞ്ചർ സർവ്വീസ് ആരംഭിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

കുളത്തൂപ്പുഴ നിന്നും ഗുരുവായൂരിലേയ്ക്ക് സർവ്വീസ് വേണമെന്ന് ആവശ്യപ്പെട്ട് ലഭിച്ച നിവേദനത്തിന്മേൽ സാദ്ധ്യതാപഠനം നടത്തുകയും, ടി സർവ്വീസ് കോർപ്പറേഷന് ലാഭകരമായി നടത്താൻ കഴിയുമെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ടി സർവ്വീസ് ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ല. ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതയനുസരിച്ച് ടി സർവ്വീസ് തുടങ്ങുന്ന കാര്യം പരിശോധിക്കുന്നതാണ്.

കെ.എസ്.ആർ.ടി.സി. ബസ് പുനഃസ്ഥാപിക്കാൻ നടപടി

165 (5385) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗുരുവായൂരിൽ നിന്നാരംഭിച്ച് പാവറട്ടി, കാഞ്ഞാണി, അന്തിക്കാട്, പെരിങ്ങോട്ടുകര, തൃപ്രയാർ വഴി എറണാകുളത്തേക്ക് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് ദിവസേന എത്ര ട്രിപ്പുകളാണ് നടത്തിയിരുന്നത് ;

(ബി) പ്രസ്തുത ബസ് സർവ്വീസ് ഇപ്പോൾ നിലവിലുണ്ടോ ; എങ്കിൽ എത്ര ട്രിപ്പുകളാണ് സർവ്വീസ് നടത്തുന്നത് ;

(സി) ബസ് സർവ്വീസ് നിലവിലില്ലെങ്കിൽ പ്രസ്തുത സർവ്വീസ് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രാവിലെ 6.35-ന് ഗുരുവായൂരിൽ നിന്നും പാവറട്ടി, കാഞ്ഞാണി, അന്തിക്കാട്, പെരിങ്ങോട്ടുകര, തൃപ്രയാർ വഴി എറണാകുളത്തിന് പോവുകയും തിരിച്ച് അതേ റൂട്ടിലൂടെ വരികയും ചെയ്യുന്ന ഒരു ട്രിപ്പും, ഉച്ചയ്ക്ക് 1.30-ന് ഗുരുവായൂരിൽ നിന്നും തിരിച്ച് ഇതേ റൂട്ടിലൂടെ പോവുകയും തിരിച്ച് ടി റൂട്ടിൽ യാത്രക്കാരുടെ കുറവു കാരണം വാടാനപ്പള്ളി വഴി വരുന്ന ഒരു ട്രിപ്പുമാണ് നടത്തിയിരുന്നത്.

(ബി) ഉണ്ട്. രാവിലെ 6.35-ന് എറണാകുളത്തിന് പോകുന്ന ഒരു ട്രിപ്പ് മാത്രമേ നിലവിലുള്ളൂ.

(സി) ഒരു ട്രിപ്പ് നിലവിലുണ്ട്. രാവിലെ എറണാകുളത്ത് നിന്നും തിരികെ വരുന്ന ട്രിപ്പും ഉച്ചയ്ക്ക് എറണാകുളത്തിന് പോകുന്ന ട്രിപ്പും ആവശ്യത്തിന് യാത്രക്കാരെ ലഭിക്കാത്തതു കാരണം ലാഭകരമല്ലാതായിത്തീർന്നതുകൊണ്ടാണ് റൂട്ടു മാറ്റി സർവ്വീസ് നടത്തേണ്ടി വന്നത്. ആയതിനാൽ ടി ട്രിപ്പുകൾ പുനഃസ്ഥാപിക്കാൻ കഴിയില്ല.

സ്വകാര്യ ബസ്സുകൾ അവസാന ട്രിപ്പുകൾ ഇടയ്ക്കുവെച്ച് അവസാനിപ്പിക്കുന്നതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ

166 (5386) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂരിൽ നിന്നും അന്തിക്കാട്-പെരിങ്ങോട്ടുകര വഴി തൃപ്രയാറിലേക്കും, വെങ്കിടങ്ങ് മുല്ലശ്ശേരി, പാവറട്ടി വഴി ഗുരുവായൂരിലേക്കും പോകുന്ന സ്വകര്യ ബസുകൾ, രാത്രി സമയത്തുള്ള അവസാന ട്രിപ്പുകൾ ഇടയ്ക്കുവച്ച് അവസാനിപ്പിക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതുമൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇപ്രകാരം ട്രിപ്പു കട്ടു ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ ; വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി & സി) ബാധകമല്ല.

ചാലക്കുടി ഡിപ്പോയ്ക്ക് കൂടുതൽ ബസ്സുകൾ അനുവദിക്കാൻ നടപടി

167 (5387) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഡിപ്പോയിൽ നിലവിലുള്ള ട്രിപ്പുകൾ മുടക്കമില്ലാതെ ഓപ്പറേറ്റ് ചെയ്യുന്നതിനാവശ്യമായ ബസ്സുകളുടെ എണ്ണത്തിൽ കുറവുണ്ട് എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഷോർട്ട് വീൽ ബെയ്സ് ബസ്സുകൾ മാത്രം സർവ്വീസ് നടത്തുവാൻ കഴിയുന്ന റൂട്ടിൽ അത്തരം ബസ്സുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ചാലക്കുടി ഡിപ്പോയിൽ പുതിയ ബസ്സുകൾ നൽകുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly